Phone : 0487 2980339
E mail: crsmadakkathara@kau.in

# കേരള കാർഷിക സർവകലാശാല

## കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ

## കശുവണ്ടി വിളവെടുപ്പിനുള്ള ലേലം

സി.ആർ.എം (അക്കൗ)2955/2025 തിയ്യതി 19/12/2025

മാടക്കത്തറ കശുമാവ് ഗവേഷണ കേന്ദ്രത്തിലെ പള്ളിക്കുന്ന് ബ്ളോക്കിലെ കശുമാവിൻ തോട്ടത്തിൽ ലേബൽ ചെയ്ത പരീക്ഷണ മരങ്ങൾ ഒഴികെയുള്ള മരങ്ങളിൽ നിന്നും കശുവണ്ടി വിളവെടുക്കുന്നതിനുള്ള അവകാശം മുദ്ര വച്ച ക്വട്ടേഷൻ/ പരസ്യ ലേലം വഴി നൽകുന്നതാണ്.

| സ്ഥലം | കശുമാവ് ഗവേഷണകേന്ദ്രം, മാടക്കത്തറ |
|---|---|
| ക്വട്ടേഷൻ/ലേലത്തിനുള്ള ബ്ലോക്ക് | പള്ളിക്കുന്ന് ബ്ലോക്ക് |
| വസ്തു | കശുവണ്ടി |
| ഏകദേശ വിസൃതി (ഹെക്ടർ) | 5.2 |
| ക്വട്ടേഷൻ കാലയളവ് | 31/05/2026 വരെ |
| കശുവണ്ടി വിളവെടുപ്പ് കാലയളവ് | ക്വട്ടേഷൻ/ലേലം ആരംഭിച്ച തീയതി മുതൽ 31/05/2026 വരെ |
| ക്വട്ടേഷൻ തുറക്കുന്ന സമയം | 29/12/2025 രാവിലെ 11.30 മണി |
| നിരതദ്രവ്യം | Rs.1000/- |

താൽപര്യമുള്ളവരിൽ നിന്നും മത്സരാടിസ്ഥാനത്തിൽ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി മുദ്രവച്ച കവറിൽ ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

**നിബന്ധനകൾ**

1. കശുമാവ് വിളവെടുപ്പിനുള്ള അവകാശം നൽകുന്നതിന് മുദ്ര വച്ച ക്വട്ടേഷനും പരസ്യ ലേലവും ഉണ്ടായിരിക്കും.
2. 29/12/2025 രാവിലെ 11 മണിവരെ മുദ്ര വച്ച ക്വട്ടേഷനുകൾ സ്വീകരിക്കുന്നതാണ്.കവറിനു പുറത്ത് "കശുമാവ് വിളവെടുപ്പിനുള്ള ക്വട്ടേഷൻ" എന്നും സമർപ്പിക്കുന്ന ആളുടെ പേരും മേൽവിലാസവും വ്യകതമായി എഴുതേണ്ടതാണ്.
3. ക്വട്ടേഷൻ നിരക്ക് വളരെ വ്യക്തമായി വെള്ളക്കടലാസിൽ അക്ഷരത്തിലും, അക്കത്തിലും എഴുതിയിരിക്കണം.
4. നിരതദ്രവ്യം കെട്ടിവെച്ചവരെ മാത്രമേ ലേലത്തിലും ക്വട്ടേഷനുകളിലും പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ
5. ലേലത്തിൽ പങ്കെടുക്കുന്നവർ പാൻ കാർഡും, ആധാർ കാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.
6. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്ന ആൾ നിരതദ്രവ്യമായ 1000/- രൂപ ഓഫീസിൽ പണമായി അടയ്ക്കേണ്ടതാണ്.
7. ക്വട്ടേഷൻ സമർപ്പിച്ചിരിക്കുന്നവർക്കും താൽപര്യമുണ്ടെങ്കിൽ പരസ്യലേലത്തിൽ പങ്കെടുക്കാവുന്നതാണ്.
8. 29/12/2025 ന് രാവിലെ 11.30 മണിയ്ക്ക് പരസ്യലേലം നടത്തുന്നതും തുടർന്ന് മുദ്ര വച്ച ക്വട്ടേഷനുകൾ തുറക്കുന്നതുമാണ്. ആയതിൽ ഏറ്റവും കൂടുതൽ തുക വിളിച്ച/രേഖപ്പെടുത്തിയ വ്യക്തിയുടെ പേരിൽ ഗവേഷണ കേന്ദ്രം മേധാവിയ്ക്ക് യുക്തമെന്നു തോന്നുന്നപക്ഷം ക്വട്ടേഷൻ/ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതുമായിരിക്കും.
9. ലേലം/ക്വട്ടേഷൻ താൽക്കാലികമായി ഉറപ്പിച്ചു കഴിഞ്ഞാൽ ഒന്നും, രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യം പിടിച്ചു വെക്കുകയും, ഒന്നാം സ്ഥാനക്കാരന്റെ ലേലം അംഗീകരിച്ചശേഷം രണ്ടാം സ്ഥാനക്കാരന്റെ നിരതദ്രവ്യം തിരിച്ചു തരുന്നതുമാണ്.
10. ഇപ്രകാരം ക്വട്ടേഷൻ/ലേലം ഉറപ്പിച്ച് കിട്ടുന്നവർ ലേല ദിവസം തന്നെ വൈകീട്ട് 3.00 മണിക്കുള്ളിൽ ലേലതുകയുടെ 1/3 തുക കേരള കാർഷിക സർവ്വകലാശാലയുടെ ബാങ്ക് അക്കൗണ്ട് നമ്പർ 41795456881, IFSC : SBIN0070210 മുഖേന അടയ്ക്കേണ്ടതാണ്. ബാക്കി തുക ലേലം ഉറപ്പിച്ച തിയ്യതി മുതൽ 7 ദിവസത്തിനുള്ളിൽ അടയ്ക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന പക്ഷം അയാളുടെ പേരിലുള്ള ലേലം റദ്ദു ചെയ്യുന്നതും നിരതദ്രവ്യം കാർഷിക സർവ്വകലാശാലയുടെ അക്കൗണ്ടിലേക്ക് കണ്ടു കെട്ടുന്നതുമായിരിക്കും.

11. ലേലം കൊണ്ടയാൾ ലേലതുകയുടെ 5% സെക്യൂരിറ്റി തുകയായും ബാക്കി ലേല തുകയും 03/01/2026 നകം കേരള കാർഷിക സർവകലാശാലയുടെ ബാങ്ക് അക്കൗണ്ട് നമ്പർ 41795456881, IFSC : SBIN0070210 മുഖേന അടയ്ക്കേണ്ടതാണ്. ലേലം കൊണ്ടയാൾ 03/01/2026 ഉച്ചക്ക് 12 മണിക്കു മുമ്പ് തന്നെ 200 രൂപയുടെ മുദ്രപത്രത്തിൽ സർവ്വകലാശാലക്ക് ഒരു നഷ്ടോത്തരവാദിത്ത കരാർ എഴുതി സമർപ്പിക്കേണ്ടതാണ്.

12. ലേലം ഉറപ്പിച്ചു കിട്ടിയ വ്യക്തി തുടർന്നുള്ള പണമിടപാടുകൾ ഗവേഷണ കേന്ദ്രത്തിന്റെ ബാങ്ക് അക്കൗണ്ട് മുഖേന ചെയ്യേണ്ടതാണ്. ഒരു കാരണവശാലും പണമായി സ്വീകരിക്കുന്നതല്ല.

13. മുഴുവൻ ലേല തുകയും, സെക്യൂരിറ്റി തുകയും അടയ്ക്കുകയും നഷ്ടോത്തരവാദിത്ത കരാർ സമർപ്പിക്കുകയും ചെയ്താൽ മാത്രമേ വിളവെടുക്കൽ ആരംഭിക്കാൻ അനുവദിക്കുകയുള്ളൂ.

14. ഏറ്റവും കൂടിയ തുകക്ക് ലേലം കൊണ്ടയാളുടെ,തൊട്ടടുത്ത് വരുന്ന ആളുടെ നിരതദ്രവ്യം ലേലം കൊണ്ടയാൾ 1/3 ലേല തുക അടച്ച ശേഷം മാത്രമേ തിരികെ നൽകുകയുള്ളൂ.

15. കശുവണ്ടി വിളവെടുക്കുന്ന സമയത്തോ തുടർന്നോ ലേലക്കാരൻ സർവകലാശാലക്ക് എന്തെങ്കിലും നാശനഷ്ടം വരുത്തിയാൽ അത് ലേലക്കാരനിൽ നിന്നും ഈടാക്കുന്നതാണ്.

16. വിളവെടുപ്പിനുള്ള അവകാശം 31/05/2026 വരെ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

17. രാവിലെ 8 മുതൽ വൈകുന്നേരം 5 മണി വരെ മാത്രമേ കശുവണ്ടി വിളവെടുക്കുവാനും ഉൽപ്പന്നങ്ങൾ പുറത്തുകൊണ്ടുപോകുവാനും പാടുള്ളൂ. കശുവണ്ടി പുറത്തുകൊണ്ടുപോകേണ്ടത് അംഗീകൃത വഴികളിലൂടെ, ഗേറ്റ് പാസ് ഹാജരാക്കി ആയിരിക്കണം. ഫാമിൽ നിലവിലുള്ള നിയമങ്ങൾ പാലിച്ചുവേണം വിളവെടുപ്പിനോടനുബന്ധിച്ചുള്ള എല്ലാ പ്രവർത്തികളും ചെയ്യേണ്ടത്.

18. ലേലക്കാരനും വിളവെടുപ്പിന് നിയോഗിക്കുന്ന എല്ലാ തൊഴിലാളികളും ഫാമിൽ നിന്നു നൽകുന്ന പാസുകൾ കൈവശം വച്ചിരിക്കേണ്ടതും, അധികാരപ്പെട്ടവർ പരിശോധനക്ക് ആവശ്യപ്പെടുമ്പോൾ കാണിക്കേണ്ടതുമാണ്. വിളവെടുപ്പിന് നിയോഗിക്കുന്ന തൊഴിലാളികളുടെ എണ്ണം ഗവേഷണകേന്ദ്രം മേധാവിയുടെ നിർദേശമനുസരിച്ച് ക്രമീകരിക്കേണ്ടതാണ്.

19. പള്ളിക്കുന്ന് ബ്ലോക്കിലെ ലേബൽ ചെയ്ത പരീക്ഷണ മരങ്ങൾ ഒഴികെയുള്ള മരങ്ങളിൽ നിന്നു മാത്രമേ കശുവണ്ടി ശേഖരിക്കാൻ പാടുള്ളൂ.

20. സ്വയം ലേലത്തിൽ പിടിക്കാത്ത ബ്ളോക്കുകളിൽ നിന്നും, ലേലക്കാരനോ അയാളുടെ തൊഴിലാളികളോ കശുവണ്ടി ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അയാളുടെ ലേലം റദ്ദുചെയ്യുന്നതും, സെക്യൂരിറ്റി തുക കണ്ടുകെട്ടുന്നതും ഉൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

21. തോട്ടത്തിൽ നിന്നും സംഭരിക്കുന്ന കശുവണ്ടിയുടെ തൂക്കം അവ നീക്കം ചെയ്യുന്നതിന് മുൻപ് ഫാം ഓഫീസിൽ അറിയിക്കേണ്ടതാണ്.

22. ദിനം പ്രതി ശേഖരിക്കുന്ന കശുവണ്ടിയുടെ കണക്ക് കരാറുകാരൻ സൂക്ഷിക്കേണ്ടതും ഫാം ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

23. ലേല നിബന്ധനകളിൽ എന്തെങ്കിലും വീഴ്ച്ച വരുത്തിയാൽ, ലേലം റദ്ദു ചെയ്യുന്നതിനോ നഷ്ടപരിഹാരം ഈടാക്കുന്നതിനോ മറ്റു യുക്തമായ നടപടികൾ എടുക്കുന്നതിനോ ഗവേഷണകേന്ദ്രം മേധാവിക്ക് അധികാരം ഉണ്ടായിരിക്കും.

24. സർക്കാർ ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ കരാറിന് ബാധകമായിരിക്കും.

25. യാതൊരു കാരണവും കാണിക്കാതെ ഈ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ/ റദ്ദാക്കുന്നതിനോ ഉള്ള അധികാരം മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രം മേധാവിക്ക് ഉണ്ടായിരിക്കും.

പള്ളിക്കുന്ന് ബ്ലോക്കിൽ പെടുന്ന മരങ്ങളുടെ വിവരങ്ങൾ ലേലത്തിൽ/ക്വട്ടേഷനിൽ പങ്കെടുക്കുന്ന വ്യക്തികൾ ഗവേഷണകേന്ദ്രത്തിലെ ഫാം ഓഫീസുമായി ബന്ധപ്പെട്ട് നേരിട്ട് കണ്ട് ബോദ്ധ്യപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ വൈകീട്ട് 5.00 മണി വരെ നേരിട്ടോ 0487 2980339 എന്ന നമ്പറിലോ ബന്ധപ്പെടുവുന്നതാണ്.

ഗവേഷണകേന്ദ്രം മേധാവി

Associate Professor & Head
Cashew Research Station
Kerala Agricultural University
Madakkathara P.O., Thrissur - 680 651

പകർപ്പ്

1. നോട്ടീസ് ബോർഡ്,
2. മാടക്കത്തറ പഞ്ചായത്ത് ഓഫീസ്,
3. കൃഷി ഭവൻ, മാടക്കത്തറ,
4. വില്ലേജ് ഓഫീസ്,
5. എസ്റ്റേറ്റ് ഓഫീസ്,
6. ഹോർച്ചിക്കൾച്ചർ കോളേജ്, വെള്ളാനിക്കര,
7. കാർഷിക ഗവേഷണകേന്ദ്രം,മണ്ണുത്തി,
8. സെൻട്രൽ നേഴ്സറി, വെള്ളാനിക്കര
9. കെ.എ.യു.വെബ്സൈറ്റ്

CASHEW RESEARCH STATION MADAKKATHARA PIN-680 651 KERALA AGRICULTURAL UNIVERSITY